LIBRARY ARCHIVES Kerala Legislative Assembly

കേരഫെഡിന്റെ 2013-14-ലെ പ്രവർത്തനം

98 (2336) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരഫെഡിന്റെ 2013-14-ലെ പ്രവർത്തനത്തെക്കുറിച്ചുള്ള സഹകരണ വകുപ്പ് രജിസ്ട്രാറുടെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ ഇടപാടുകളിലൂടെ കേരഫെഡിന് ഉണ്ടായതായി കണക്കാക്കപ്പെട്ട നഷ്ടം എത്ര കോടി രൂപയുടേതാണെന്ന് വിശദമാക്കുമോ ?

ഉത്തരം

കേരഫെഡിന്റെ 2013-14-ലെ ആഡിറ്റ് ചെയ്ത ബാക്കിപത്ര പ്രകാരം 95,31,985.37 രൂപയാണ് അറ്റനഷ്ടം. കേരഫെഡിന്റെ 2013-14-ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ ഇടപാടുകളിൽ നിയമവിധേയമല്ലാതെ ചെലവാക്കിയിട്ടുള്ള തുകകൾ ആഡിറ്റിൽ തടഞ്ഞിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു:

1. കരുനാഗപ്പള്ളി ഫാക്ടറിയിൽ ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് അധികം ചെലവാക്കിയ തുക-64400 രൂപ.

2. ഭരണസമിതി അംഗങ്ങൾക്ക് കോംപ്ലിമെന്റ് നൽകുന്നതിന് ചെലവാക്കിയ 5,84,500 രൂപയും ബോർഡ് അംഗങ്ങൾക്ക് സെയിൽസ് പ്രൊമോഷന് പ്രത്യേക ഉപഹാരം നൽകുന്നതിന് ചെലവാക്കിയ 4,18,350 രൂപയും പൊതുയോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് ഗിഫ്റ്റ് എന്നിവ നൽകുന്നതിന് ചെലവാക്കിയിട്ടുള്ള 11,80,000 രൂപ ഉൾപ്പെടെ ആകെ ചെലവാക്കിയ തുകയായ 21,82,850 രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തി രണ്ടായിരത്തി എണ്ണൂറ്റിയൻപത്).

3. സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയില്ലാതെ മൂന്ന് വാഹനങ്ങൾ വാങ്ങിയ തുകയായ 31,15,264 രൂപയും.

4. സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ഭരണസമിതിയുടെ അംഗീകാരമില്ലാതെയും മാർക്കറ്റിംഗ് കോ-ഓർഡിനേറ്റർക്ക് നൽകിയ ശമ്പളയിനത്തിൽ 4,64,516 രൂപയും റ്റി.എ. ഇനത്തിൽ നൽകിയ 76,851 രൂപയും ഉൾപ്പെടെ ആകെ 5,41,367 രൂപയും (അഞ്ചുലക്ഷത്തി നാല്പത്തിയൊന്നായിരത്തി മൂന്നൂറ്റി അറുപത്തേഴ്).

5. കോൺട്രാക്ട് ജീവനക്കാർക്ക് അനധികൃതമായി നൽകിയിട്ടുള്ള തുകയായ 75,47,864 രൂപയും (2009-10 മുതൽ 2013-14 വരെ).

6. ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെ പ്ലാന്റ് & മെഷീനറി സ്ഥാപിച്ചതിന് ചെലവാക്കിയ തുകയായ 3.14 കോടി രൂപയും.

7. ഡ്രയർ സ്ഥാപിച്ചതിന് ചെലവാക്കിയ 2,30,35,432 രൂപയും ആഡിറ്റിൽ തടഞ്ഞിട്ടുണ്ട്. കൂടാതെ 1,75,54,215 രൂപയുടെ 1887.55 ക്വിന്റൽ കൊപ്രസ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആയത് സ്റ്റോക്കിൽ കുറവായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന് ആഡിറ്റ് സർട്ടിഫിക്കറ്റ് കൃഷി വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ ഇടപെടൽ

99 (2337) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദായനികുതി വകുപ്പിന്റെ നിരന്തരമായ ഇടപെടൽ കേരളത്തിലെ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ മുതൽ വിവിധ തലങ്ങളിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് സാങ്കേതികവും സുഗമവുമായ പ്രവർത്തനത്തിന് ഏറെ തടസ്സങ്ങൾ സൃഷ്ടിക്കുമെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ഇക്കാര്യത്തിൽ വിശദവും സമഗ്രവുമായ ഒരു നിയമനിർമ്മാണത്തിനു ആലോചനയുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് 6 പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപ തുക എന്നിവ അറിയിക്കാൻ ആദായനികുതി വകുപ്പ് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്എൽപി 3976/2010) തീർപ്പാക്കിക്കൊണ്ട് 27-8-2013-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly